മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഡോക്ടർ എം. എ. കുട്ടപ്പൻ പറഞ്ഞത് സെപ്റ്റംബർ-22 ന് ഒരു വള്ളത്തിന്റെ മോഷണവുമായി ബന്ധപ്പെട്ട പരാതിയെത്തുടർന്ന് ശരവണനെ അറസ്റ്റു ചെയ്തുവെന്നാണ്. ഒരാഴ്ചയോളം അനധികൃതമായി പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നു; അത് സംബന്ധിച്ച് പരാതി ലഭിച്ചു; പരാതി അന്വേഷിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് നിയമവിരുദ്ധമായി ശരവണനെ സൂക്ഷിച്ച പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. അദ്ദേഹം ഇപ്പോഴും സസ്പെൻഷനിലാണ്. 24-ാം തീയതിയാണ് ശരവണനെ കണ്ടാലറിയാവുന്ന ആറുപേർ ചേർന്ന് മർദ്ദിച്ചതായി പറഞ്ഞ് ജാറയ്ക്കൽ സർക്കാരാശുപത്രിയിൽ ചികിത്സയിലായത്. 27-ന് ഡിസ്ചാർജ് ചെയ്തു; കഴിഞ്ഞദിവസം തുങ്ങിമരിച്ചു.[1] ഇത് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അതിന്റെ അന്വേഷണങ്ങൾ നടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അന്വേഷണം ഏതെങ്കിലും ഒരു പ്രത്യേക ഏജൻസിയെ ഏൽപ്പിക്കുന്നതിന് വിരോധമില്ല. കാരണം ഇതിനകത്ത് എന്തെങ്കിലും വിധത്തിലുള്ള തെറ്റായ നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ അത് വെളിപ്പെട്ടുവരണം എന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ശരവണന്റെ ആദ്യത്തെ പരാതി കിട്ടിയപ്പോൾത്തന്നെ ഗൗരവമായി എടുക്കുകയും അന്വേഷിച്ചപ്പോൾ ശരിയാണെന്ന് കണ്ട് നടപടി എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഉള്ള അന്വേഷണം ശരിയായ രീതിയിൽ നടത്തുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

(4) ഫാദർ ജോബ് ചിറ്റിലപ്പള്ളിയുടെ കൊലപാതകം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന ആവശ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇലിങ്ങാലക്കുട രൂപതാംഗവും തൃശ്ശിപ്പറമ്പ് വരപ്രസാദ നാഥ പള്ളി വികാരിയുമായിരുന്ന ഫാദർ ജോബ് ചിറ്റിലപ്പള്ളി 28-8-2004 ശനിയാഴ്ച തിരുവോണനാളിൽ അതിദാരുണമായി കൊല ചെയ്യപ്പെടുകയുണ്ടായി. ഈ സംഭവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണി ഞാൻ നൽകിയ നിവേദനത്തെത്തുടർന്ന് ക്രൈം ബ്രാഞ്ചിനെ കേസ് അന്വേഷണത്തിന് ചുമതല പ്പെടുത്തുകയും കേസുമായി ബന്ധപ്പെട്ട രഘുകുമാർ എന്ന വ്യക്തിയെ പോലീസ് അറസ്റ്റുചെയ്യുകയും ടിയാൾ ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരുകയുമാണ്. ഈ സംഭവത്തെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും സംസ്ഥാന മന്ത്രിസഭയിലെ ശ്രീ കെ. എം. മാണിയും അതുപോലെതന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഉൾപ്പെടെയുള്ള മന്ത്രിസഭാംഗങ്ങൾ സംഭവ സ്ഥലത്ത് വരികയും ഇതുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. ഈ സംഭവത്തിൽ രഘുകുമാറിനെ കൂടാതെ മറ്റു പല പ്രതികളും ഉണ്ട് എന്ന് പൊതുവേ സംശയം ഉണ്ടാവുകയും അത് വലിയ ആശങ്കയായി രൂപപ്പെടുകയും അതിനെ തുടർന്ന് നിരവധി പ്രക്ഷോഭങ്ങൾ നടക്കുകയുമൊക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു വിദഗ്ദ്ധ സംഘം അന്വേഷിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അതിലേക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും അന്വേഷണസംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്തി വരുന്നുണ്ടെങ്കിൽപ്പോലും ഇതുവരെയായി ഇതിന്റെ അന്വേഷണ റിപ്പോർട്ട് നൽകിട്ടില്ല എന്നുള്ളത് വലിയ ആശങ്കയും ബുദ്ധിമുട്ടും ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ആളുകൾക്ക് നിർദ്ദേശം കൊടുക്കണമെന്നും വളരെ ഗൗരവമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇരിങ്ങാലക്കുട രൂപതാഗവും തുമുത്തിപ്പറമ്പ് വരപ്രസാദ നാഥ പള്ളി വികാരിയുമായിരുന്ന ഫാദർ ജോബ് ചിറ്റിലപ്പള്ളിയെ കൊല ചെയ്ത കേസിൽ ഒരു പ്രതിയെ അറസ്റ്റുചെയ്തിട്ടുണ്ട്. രഘുകുമാർ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ ആണ്. കൂടുതൽ പ്രതികൾ ഉണ്ടെന്നുള്ള ആക്ഷേപത്തെത്തുടർന്ന് പ്രത്യേകമായ ഒരു സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തുകയാണ്. അന്വേഷണം വളരെ കാര്യമായിട്ടുതന്നെ നടക്കുകയാണ്. ഇനിയും സയന്റിഫിക് ആയി ചില തെളിവെടുപ്പുകൾ ആവശ്യമായിട്ടുണ്ട്. പോളിഗ്രാഫ് ടെസ്റ്റും മറ്റും ബാംഗ്ലൂർ ഫോറൻസിക് ലാബിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. അവരോട് സമയം ചോദിച്ചിരിക്കുകയാണ്. അവരുടെ സമയം കിട്ടിക്കഴിഞ്ഞാലുടൻ അതിനുവേണ്ടി നടപടികൾ സ്വീകരിക്കും. തൃശ്ശൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിലുള്ള ടീമാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. എത്രയും വേഗം അവരുടെ അന്വേഷണങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും.

(5) വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ മേൽപ്പാലം

ശ്രീ. എ. സി. മൊയ്തീൻ : സർ, വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലുള്ള മേൽപ്പാലത്തിന്റെ നിർമ്മാണ ആവശ്യവുമായി പൊതുജനങ്ങളുടെ പരാതിക്ക് ഇനിയും പരിഹാരം ആയിട്ടില്ല. മറ്റു റെയിൽവേ മേൽപ്പാലങ്ങൾക്കൊന്നുമില്ലാത്ത രീതിയിൽ സംസ്ഥാന സർക്കാർ ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ട ഈ പാലത്തിന്റെ പണി റയിൽവേ തയ്യാറാക്കി മുൻപ് ചർച്ച ചെയ്ത് വ്യവസ്ഥ ചെയ്തതനുസരിച്ചുള്ള സംഖ്യ ഡെപ്പോസിറ്റ് ചെയ്യാത്തതാണ് ഇപ്പോൾ അതിന് തടസ്സമായി നിൽക്കുന്നത്. വീണ്ടും കാലാവധി നീണ്ടുപോയതുകൊണ്ടുകൂടി എസ്റ്റിമേറ്റ് തുക വർദ്ധിച്ചിട്ടുണ്ട്. അതിനനുസരിച്ച് സംഖ്യ കെട്ടിവയ്ക്കാൻ കഴിയാത്തതുകൊണ്ട് മേൽപ്പാലത്തിന്റെ നിർമ്മാണം വൈകുമോ എന്നുള്ള ഉത്കണ്ഠയിലാണ് ജനങ്ങൾ. മേൽപാലത്തിനുവേണ്ടിയുള്ള സ്ഥലത്തിന്റെ അപ്രോച്ച്റോഡിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞിട്ട് മൂന്നുവർഷത്തിലധികമായിട്ടുണ്ട്. ഈ പ്രദേശത്ത്, വടക്കാഞ്ചേരി പട്ടണത്തിലുള്ള റെയിൽവേ ഗേറ്റ് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് വളരെ ചെറുതല്ല. വടക്കാഞ്ചേരിയുടെ മാത്രം പ്രശ്നമല്ല ഇത്. മെഡിക്കൽകൊളേജിലേക്ക് പോകേണ്ടവർക്കും, മലബാർ മേഖലയിൽനിന്നുള്ള മുഴുവൻ യാത്രക്കാർക്കും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണ്. മെഡിക്കൽകോളേജിലേക്കും അതുപോലെതന്നെ റയിൽവേ സ്റ്റേഷനിലേക്കും തിരിച്ചും പ്രധാനപ്പെട്ട ഓഫീസുകൾ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ ഗേറ്റ് ദിവസത്തിൽ 12 മണിക്കൂറിലധികം അടഞ്ഞുകിടക്കുന്ന സ്ഥിതിയാണുള്ളത്. യാത്രക്കാർ അനുഭവിക്കുന്ന ഈ ദുരിതം നേരിട്ട് അനുഭവിച്ചറിയാൻ മുഖ്യമന്ത്രിക്കുതന്നെ ഇടയായി. ഈ ഗേറ്റിന്റെ ദുരിതം ഒന്നൊഴിവാക്കി വളരെ പെട്ടെന്നുതന്നെ റയിൽവേ ആവശ്യപ്പെട്ട ഡെപ്പോസിറ്റു സംഖ്യ സംസ്ഥാന സർക്കാർ കെട്ടിവച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly